LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഇതിനുപുറമേ, വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവയുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ, പദ്ധതികളുടെ സാമ്പത്തിക പുരോഗതി, ഭൗതിക നേട്ടങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനവും പ്ലാൻ സ്പേസിൽ ഉണ്ട്.

(ബി) നിർവ്വഹണ ഏജൻസികൾക്ക് വിവിധ വികസന പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സമയാസമയങ്ങളിൽ ഓൺലൈനായി രേഖപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും വിവിധ വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ എന്നിവർക്ക് പദ്ധതി നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്ലാൻ സ്പേസിൽ സൗകര്യമുണ്ട്.

(സി) സംസ്ഥാന സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരളം (IIITK)എന്ന സ്ഥാപനമാണ് പ്ലാൻ സ്പേസ് ഒരുക്കാനായി വേണ്ട സാങ്കേതിക സഹായം നൽകുന്നത്. കൂടാതെ പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് മേധാവികളും നിർവ്വഹണ ഏജൻസികളും പ്ലാൻ വിവരങ്ങൾ നൽകുന്നതിന് സഹകരിക്കുന്നു.

ഫീൽഡ് ചാനലുകളുടെ അറ്റകുറ്റപ്പണികൾ

73 (1509) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിഭവ വകുപ്പ്, കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി മുഖേന നിർമ്മിച്ച ഫീൽഡ് ചാനലുകൾ ജീർണ്ണിച്ച് ഉപയോഗ ശൂന്യമായിക്കിടക്കുന്നത് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കാനായി സ്റ്റേറ്റ് പ്ലാനിംഗിനു കീഴിലുള്ള ചീഫ് അഗ്രികൾച്ചർ ഡിവിഷന് സമർപ്പിച്ചിരുന്ന അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ 2014-15 വാർഷിക പദ്ധതിയിൽ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും നവീകരണത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുകയും 4 കോടി രൂപ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തുകയും

ചെയ്യ. പദ്ധതി അനുസരിച്ച് കമാന്റ് ഏരിയ വികസന അതോറിറ്റി പൈലറ്റ് അടിസ്ഥാനത്തിൽ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും നവീകരണത്തിനായുള്ള പദ്ധതിയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയും കമാന്റ് ഏരിയ വികസന അതോറിറ്റി ഗവൺമെന്റിൽ സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്ത. ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ കനാലുകളാണ് നവീകരിക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത് കമാന്റ് ഏരിയ വികസന അതോറിറ്റിയാണ്.

വാർഷിക പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച അവലോകനം

74 (1510) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി വാർഷിക പദ്ധതി നടത്തിപ്പിനെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(സി) ഈ വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ ചുരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഓരോ വകുപ്പും പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചതായാണ് ആസൂത്രണബോർഡ് ഏറ്റവും ഒടുവിൽ നടത്തിയ അവലോകനത്തിൽ വെളിപ്പെടുത്തിയതെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) ഈ വർഷത്തെ വാർഷിക പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്.

(ബി) 2014-15 ഒക്ടോബർ 31 വരെ 27% ആയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധി വാർഷിക പദ്ധതി നടത്തിപ്പിനെ ബാധിച്ചിട്ടില്ല.

(സി) വാർഷിക പദ്ധതിയുടെ അടങ്കൽ ചുരുക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) 31-10-2014 വരെയുള്ള ഓരോ വകുപ്പും ചെലവഴിച്ച പദ്ധതി വിഹിതം സംബന്ധിച്ച സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് അനുബന്ധമായി നൽകുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly